# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7459

17-07-2012 ൽ മറുപടിയ്ക്ക്

## നെൽക്കൃഷി വികസിപ്പിക്കാനും നെൽവയൽ സംരക്ഷിക്കാനും പദ്ധതികൾ

**ചോദ്യം**

ശ്രീ.കെ.ദാസൻ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്തെ പ്രധാന കാർഷിക വിളയായ നെൽകൃഷി വികസിപ്പിക്കാനും നെൽവയൽ സംരക്ഷിക്കാനും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ പ്രധാന കാർഷികവിളയായ നെൽകൃഷി വികസിപ്പിക്കുന്നതിനായി 2011-12 വർഷം സംസ്ഥാന ഭക്ഷ്യ സുരക്ഷ പദ്ധതി പ്രകാരമുള്ള വിവിധ പദ്ധതികളും സുസ്ഥിര നെൽ കൃഷി വികസന പദ്ധതിയും മാക്രോ മാനേജ്മെന്റ് നെൽകൃഷി വികസന പദ്ധതിയും ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതിയും നെൽകൃഷിക്കാർക്കുള്ള ഉല്പാദന ബോണസ് പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. 2012-13 വർഷം കരനെൽകൃഷി, പ്രത്യേക നെല്ലിനങ്ങളുടെ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരമുള്ള തരിശുനില കൃഷി (കോൺട്രാക്ട് ഫാമിംഗ്), നെൽകൃഷി മേഖലകളിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി എന്നിവ നടപ്പാക്കി വരുന്നു.<br><br>നെൽവയൽ സംരക്ഷിക്കുന്നതിനായി 2008 ൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം പ്രാബല്യത്തിൽ വന്നു. നിയമം അനുശാസിക്കുന്ന പ്രകാരം സംസ്ഥാനത്ത് കൃഷിയോഗ്യമായ നെൽവയലുകളുടേയും തണ്ണീർത്തടങ്ങളുടെയും ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നെൽവയലുകൾ, തണ്ണീർത്തടങ്ങൾ എന്നിവ അനധികൃതമായി പരിവർത്തനപ്പെടുത്തുന്നത് നിയന്ത്രിക്കുന്നതിന് നിയമപ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. |

(ബി) സംസ്ഥാനത്ത് നെൽവയൽ വലിയ തോതിൽ കുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കരനെൽകൃഷി പ്രോത്സാഹിപ്പിക്കാനും വികസിപ്പിക്കാനും നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; ഏതെല്ലാം മണ്ഡലങ്ങളിൽ നടപ്പിലാക്കി; വിശദമാക്കുമോ; എത്ര രൂപ സർക്കാർ വകയിരുത്തി; എത്ര ചെലവഴിച്ചു; വിശദമാക്കുമോ; നിറവ് പദ്ധതിയിൽ ഈ മേഖലയ്ക്ക് എന്തെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളുമാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്?

(ബി) സംസ്ഥാനത്ത് നെൽവയൽ വലിയ തോതിൽ കുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതി എല്ലാ ജില്ലകളിലും 2009-10 വർഷം മുതൽ ഹെക്ടറിന് 5000/- രൂപ നിരക്കിലുള്ള സഹായം നൽകി നടപ്പിലാക്കി വരുന്നു.

| വർഷം | പദ്ധതി | സർക്കാർ വകയിരുത്തിയ തുക (ലക്ഷം) | ചെലവഴിച്ച തുക |
|---|---|---|---|
| 2009-10 | എസ്.എഫ്.എസ്.പി - കര നെൽകൃഷി | 50 | 47.13 |
| 2010-11 | എസ്.എഫ്.എസ്.പി - കര നെൽകൃഷി | 300 | 261.52 |
| 2010-11 | ആർ.കെ.വി.വൈ - കര നെൽകൃഷി | 300 | 87.90 |
| 2011-12 | എസ്.എഫ്.എസ്.പി - കര നെൽകൃഷി | 400 | 321.1 |
| | ആകെ | 1050 | |

2012-13 വർഷം 3334 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കി വരുന്നു. കർഷകർക്ക് 7500/- രൂപ നിരക്കിലുള്ള ആനുകൂല്യം നൽകുന്നതിനായി 250 ലക്ഷം രൂപ കരനെൽകൃഷി പദ്ധതിയ്ക്കായി നീക്കി വച്ചിട്ടുണ്ട്.

നിറവ് പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. കരനെൽകൃഷിക്ക് നിലവിലുള്ള സഹായങ്ങളും ആനുകൂല്യങ്ങളും നിറവ് നടപ്പിലാക്കുന്ന മണ്ഡലങ്ങളിലും നടപ്പിലാക്കുന്നതാണ്.

(സി) നെല്ലിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായവും ഉപദേശവും നൽകുന്ന എന്തെല്ലാം സംവിധാനങ്ങളും ഏതെല്ലാം സ്ഥാപനങ്ങളുമാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(സി) നെല്ലിൽ നിന്നുള്ള മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായവും ഉപദേശവും കാർഷിക സർവ്വകലാശാലയിൽ നിന്നും ലഭിക്കുന്നതാണ്.

(ഡി) നെൽകൃഷി വികസനത്തിന് പ്രത്യേക ഊന്നൽ നൽകി സംസ്ഥാനത്ത് ഒരു 'പാഡി ബോർഡ്'-ന് രൂപം നൽകാൻ തയ്യാറാകുമോ;

(ഡി) നെൽകൃഷി വികസനത്തിന് പ്രത്യേക ഊന്നൽ നൽകി സംസ്ഥാനത്ത് ഒരു ഉന്നതാധികാര സമിതി 'പാഡി ബോർഡ്' രൂപീകരിച്ചിട്ടുണ്ട്.

(ഇ) പരീക്ഷണാടിസ്ഥാനത്തിൽ ജനിതക മാറ്റം വരുത്തിയ നെൽകൃഷി നടത്തുന്നതിന് ഏതെങ്കിലും കമ്പനിയ്ക്ക് അനുവാദം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(എഫ്) മുൻ സർക്കാരിന്റെ കാലത്ത് "ജി. എം. ഫ്രീ സ്റ്റേറ്റ്" ആയി പ്രഖ്യാപിച്ചിരുന്നുവോ; മുൻ സർക്കാർ സ്വീകരിച്ച പ്രസ്തുത നടപടി അതേ നിലയിൽ തുടരാൻ തയ്യാറാകുമോ; നിലപാട് വ്യക്തമാക്കുമോ?

(ഇ) & (എഫ്) സംസ്ഥാനത്തിന്റെ പൊതുവെയുള്ള നയം ജനിതകമാറ്റം വരുത്തിയ വിത്തുകൾ ഉപയോഗിക്കാൻ പാടില്ല എന്നുള്ളതാണ്. മുൻ സർക്കാരിന്റെ കാലത്ത് ജി.എം.ഫ്രീ സ്റ്റേറ്റായി സംസ്ഥാനത്തെ പ്രഖ്യാപിച്ചതായി അറിവില്ല.

സെക്ഷൻ ഓഫീസർ